# ഇവരെന്നും സന്തോഷത്തോടെ കഴിയട്ടെ




അപൂർവരോഗബാധിതരായ കുട്ടികൾ 'ഡച്ചിനി' ബോധവത്കരണത്തിൽ രക്ഷിതാക്കളോടൊപ്പം ഉല്ലസിക്കുന്നു

**കോയമ്പത്തൂർ ▸** ഈ കുരുന്നുകളുടെ രോഗമെന്തെന്ന് ആർക്കുമറിയില്ല. ഈ അപൂർവരോഗത്തിന് ചികിത്സയുമില്ല. അവർ കഴിയുന്നത്ര സന്തോഷത്തോടെ കഴിയാൻവേണ്ടത് ചെയ്യുകയാണ് മാതാപിതാക്കൾ. കോയമ്പത്തൂരിൽ നടന്ന ലോക ഡച്ചിനി ബോധവത്കരണദിനത്തിൽ കണ്ടതും ഈ വേറിട്ട കാഴ്ചകളായിരുന്നു. അപൂർവരോഗബാധിതരായ കുട്ടികൾ ഒന്നിച്ചിരുന്നു കളിച്ചു. യോഗാഭ്യാസം നടത്തി. അമ്മമാരോടൊപ്പം പാട്ടുപാടി, നൃത്തമാടി.

രോഗമെന്തന്നറിയാതെ വൈകല്യങ്ങൾ മറന്നും കുട്ടികൾ ലോക ഡച്ചിനി ബോധവത്ക്കരണദിനത്തിൽ പങ്കെടുത്തു. കോയമ്പത്തൂർ മോളിക്യൂളർ ഡയഗനോസ്റ്റിക്സ്, കൗൺസിലിങ്ങ്, കെയർ ആൻഡ് റിസർച്ച് സെൻററാണ് (എം.ഡി.സി.ആർ.സി.) പരിപാടികൾ സംഘടിപ്പിച്ചത്. കുട്ടികൾ ജീവിച്ചിരിക്കുന്ന കാലത്തോളം അവരെ ഉല്ലാസവാന്മാരാക്കുകയാണ് അമ്മയ്ക്കും അച്ഛനും മറ്റ് വേണ്ടപ്പെട്ടവർക്കും ചെയ്യാനാവുക.

റെയർ ഡിസീസ് ഇന്ത്യ സംഘടന സ്ഥാപക മെമ്പർ പ്രസന്നകുമാർ ബി. ഷിരോൾ ബോധവത്കരണദിനത്തിൽ മുഖ്യാതിഥിയും നേച്വർ ക്യൂവർ സ്പെഷലിസ്റ്റ് ഡോ. ആർ. സുബ്രഹ്മണ്യം വിശിഷ്ടതിഥിയുമായി. കുട്ടികളുടെ പരിചരണത്തിൽ എം.ഡി.സി.ആർ.സി. ഡയറക്ടർ ഡോ. ബി.ആർ. ലക്ഷ്മിയുടെ സേവനത്തെ അതിഥികൾ പ്രകീർത്തിച്ചു.

കുട്ടികൾക്ക് പഴങ്ങളും പച്ചക്കറികളും ആഹാരത്തിനൊപ്പം നൽകി ആരോഗ്യസംരക്ഷണത്തിൽ ശ്രദ്ധിക്കാൻ ഡോ. ലക്ഷ്മി ഉപദേശിച്ചു. 2020 ആകുമ്പോഴേക്കും ഡച്ചിനി ബാധിതരായ കുട്ടികൾ ശ്രദ്ധിക്കപ്പെടാത്ത അവസ്ഥ തമിഴ്നാട്ടിലുണ്ടാവരുതെന്നതാണ് സംഘടനാലക്ഷ്യമെന്ന് ഡയറക്ടർ പറഞ്ഞു.